പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : T 3039

13.07.2015-ൽ മറുപടിക്ക്.

## ശബ്ദമലിനീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ശബ്ദമലിനീകരണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | : | (എ) ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ അനുസരിച്ച് ശബ്ദമലിനീകരണം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. മതപരമായ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും അനിയന്ത്രിതമായും നിയമവിരുദ്ധമായും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. മൈക്ക് പെർമിഷൻ നൽകുന്ന സമയത്ത് തന്നെ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ അനുവദനീയമായ പരിധിയിൽ കൂടുതൽ ശബ്ദതീവ്രത ഉള്ള ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാറില്ല. |
| (ബി) വിവിധ ശബ്ദമേഖലകൾ നിർണ്ണയിച്ച് സൂചനാബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ മേഖലകളിൽ ശബ്ദപരിധി ലംഘിക്കുന്ന തരത്തിൽ ശബ്ദമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | : | (ബി) ശബ്ദമലിനീകരണ നിയന്ത്രണചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച പരിസ്ഥിതി വകുപ്പിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മോട്ടോർ ബൈക്കുകളിലും മറ്റ് വാഹനങ്ങളിലും ശബ്ദനിയന്ത്രണ സംവിധാധങ്ങളിൽ മാറ്റം വരുത്തിയും മറ്റും ശബ്ദമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; ഇത്തരത്തിലുള്ള വാഹനങ്ങൾ കണ്ടുകെട്ടുന്നതിന് തയ്യാറാകുമോ? | : | (സി) മോട്ടോർ ബൈക്കുകളിലും മറ്റ് വാഹനങ്ങളിലും ശബ്ദനിയന്ത്രണ സംവിധാനങ്ങളിൽ മാറ്റം വരുത്തിയും മറ്റ് തരത്തിലും ശബ്ദ മലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമാനുസൃതമായ പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ